

# മസനോബു ഫുക്കുവോക്ക

സി.പി. ഗംഗാധരൻ

**പ്രകൃതി കൃഷിയുടെ ആചാര്യനും ലോകത്തെ വലിയൊരളവിൽ മാറ്റിത്തീർക്കാൻ ഇടയാക്കിയ ചിന്തകനുമായ മസനോബു ഫുക്കുവോക്ക ഇക്കഴിഞ്ഞ ആഗസ്റ്റ് 16-ന് ജപ്പാനിൽ മണ്ണിലേയ്ക്ക് മടങ്ങി. അദ്ദേഹത്തിന്റെ 'ഒറ്റവൈക്കോൽ വിപ്ലവം' മലയാളത്തിലേയ്ക്ക് മൊഴിമാറ്റം നടത്തിയ ഗംഗാധരൻ മാഷ് അവർ ആദ്യമായി നേരിൽ കണ്ടപ്പോൾ ഉണ്ടായ അനുഭവങ്ങൾ ഇവിടെ വിവരിക്കുന്നു.**

അസമയത്തുള്ള വിളി. രാത്രി പത്തുമണി കഴിഞ്ഞിരിക്കുന്നു. ഉറങ്ങാൻ കിടന്നതാണ്. ആരാണ്? എന്തിനാണ് വിളിക്കുന്നത്?

"സാർ കിടന്നോ? നന്ദനാണ് ബാംഗ്ലൂരിൽ നിന്ന്." നന്ദൻ എഞ്ചിനിയർ. പ്രകൃതികൃഷിസ്നേഹിയും.

"എന്താ നന്ദാ വിശേഷം?"

"സാർ അറിഞ്ഞോ എന്നറിയില്ല. മസനോബു ഫുക്കുവോക്ക അന്തരിച്ചു."

പെട്ടെന്നൊരു മറുവാക്ക് വായിൽ വന്നില്ല. പരിഭ്രമിച്ചതുകൊണ്ടല്ല. വ്യസനിച്ചതുകൊണ്ടുമല്ല. തൊന്നൂററിയഞ്ചുകൊല്ലം ജീവിച്ചു. പ്രകൃതിയിൽ ദൈവത്തെ കണ്ടു.



ഫുക്കുവോക്ക ഗംഗാധരൻ മാസ്റ്റർക്ക് 'ഒറ്റവൈക്കോൽ വിപ്ലവ'ത്തിൽ നേരിട്ട് വരച്ചുനൽകിയത്

തന്റെ പറുദീസയിൽ പേരകുട്ടികൾ ചിരിച്ചുകളിച്ചു വളരുന്ന സൗഭാഗ്യം അനുഭവിച്ചു. ശാന്തമായ ഗാർഹികമരണം നേടി. അങ്ങനെയുള്ള ഒരാളിന്റെ മരണത്തിൽ വ്യസനമെന്തിന്?

"പത്രത്തിൽ കണ്ടതല്ല. വെബ്ബിൽ നിന്നാണ് വിവരമറിഞ്ഞത്" നന്ദൻ തുടർന്നു, "ആഗസ്റ്റ് 16 നാണ് മരണം."

രണ്ടു പത്രം നിത്യവും കാണുന്നതാണ്. അതിലൊന്നും വാർത്തയില്ല. അത്ഭുതപ്പെടാനില്ല. ഉദാരവത്കൃതമായ ആധുനികലോകത്തിന് ഫുക്കുവോക്കയെക്കൊണ്ട് എന്തു പ്രയോജനം?

രാജാവിനെ നഗ്നനെന്നു വിളിച്ച

കുട്ടിയുടെ അതേ നിഷ്ക്കളങ്കതയോടെ ഫുക്കുവോക്ക പറഞ്ഞു: ആധുനിക ശാസ്ത്രജ്ഞാനവും അതിന്റെ സാങ്കേതികമികവും കൊണ്ട് മനുഷ്യരാശിക്ക് ഒരു ഗുണവുമില്ല. പോക്ക് അശാന്തിയിലേയ്ക്കും നാശത്തിലേയ്ക്കുമാണ്. പ്രകൃതിയിലേയ്ക്കു മടങ്ങുക. കൃഷി ഒരു സംസ്കാരമാണ്. ആ സംസ്കാരത്തിൽ പങ്കാളികളാകണം എല്ലാവരും.

ഫുക്കുവോക്കയുടെ നിഷേധം ക്രിയാത്മകമായിരുന്നു. ആധുനിക പരിഷ്കൃതിയുടെ പാരമ്യത്തിൽ പരിലസിക്കുന്ന ജപ്പാനിൽ മുനിതുല്യനായ ഈ കർമ്മയോഗി ഒരു മുളങ്കുട്ടിൽ പാർത്തു. മെഴുകുതിരി വെട്ടത്തിൽ അത്താഴം കഴിച്ചു. സുഖമായി കിടന്നുറങ്ങി. പ്രഭാതത്തിൽ ഉണർന്ന് കൃഷിത്തോട്ടത്തിലൂടെ നടന്നു. കുട്ടികൾക്കു പഴങ്ങൾ പറിച്ചുനൽകി. ആ കൃഷിയിടത്തിൽ കിളയും ഉഴവുമില്ല. വിളയും കളയുമെന്ന വിവേചനമില്ല. ശത്രു കീടവും മിത്രകീടവുമില്ല. എന്നിട്ടും ഏറ്റവും മികച്ച വിളവ് തന്റെ കൃഷിയിടത്തിലെന്നു തെളിയിച്ചു. തന്റെ കണ്ടത്തിൽനിന്നെടുത്ത ഒരുപിടി മണ്ണ് ഉയർത്തിക്കാട്ടി ഇതാ ജീവൻ തുടിക്കുന്ന ഒരു മഹാപ്രപഞ്ചം എന്ന് ഊററം കൊണ്ടു. എന്നാലും ഇതാണ് ശരിയായ വഴിയെന്നു സമ്മതിക്കുന്നതെങ്ങനെ?






സി.പി. ഗംഗാധരൻ

ആധുനികശാസ്ത്രത്തിന്റെ മുന്നേറ്റങ്ങളിൽ മതിമറക്കുന്ന ഗോവിന്ദപ്പിള്ളമാർ ഇതൊക്കെ വെറും കിറുക്കെന്നു ചിരിച്ചുതള്ളി.

1987-ലാണ് 'ഒറ്റ വൈക്കോൽവിപ്ലവ'ത്തിന്റെ ആദ്യപ്രകാശനം. ഏതാനും മാസങ്ങൾക്കുശേഷമായിരുന്നു ഫുക്കുവോക്കയുടെ ആദ്യത്തെ ഇന്ത്യാസന്ദർശനവും. സുജാതാദേവിയുടെ നേതൃത്വത്തിൽ ഞങ്ങൾ അഞ്ചു കേരളീയർ പോണ്ടിച്ചേരിയിൽ വന്ന അദ്ദേഹത്തെ ചെന്നുകണ്ടു. വൈകീട്ട് ഏഴിന് ഏതോ ഒരു ശാലയിൽ അദ്ദേഹം പ്രസംഗിക്കുകയായിരുന്നു. അദ്ദേഹം ഏകദേശമിങ്ങനെ പറഞ്ഞു:

ഞാനും എന്റെ വയലിലെ ശലഭങ്ങളും ചേർന്ന് നെല്ലിന്റെ ഒരു വിത്തിനം ഉണ്ടാക്കിയിട്ടുണ്ട്. അനേകം വന്യജാതികളുടെ രക്തവീര്യം സംയോജിപ്പിച്ച ഒരിനമാണത്. ലോകത്തിലെ അത്യുല്പാദനശേഷിയുള്ള അപൂർവ്വം നെൽവിത്തുകളിലൊന്ന്. പ്രതിരോധക്കരുത്തിന്റെ കാര്യത്തിൽ ഒന്നാമൻ. പത്തു ചതുരവാരസ്ഥലത്തു വിതയ്ക്കാൻ ഒരു കതിരിലെ മണി ധാരാളം. ഓരോ മണിയിൽനിന്നും ഒരു കൊല്ലംകൊണ്ട് അയ്യായിരം മണി വിളയും. അടുത്ത രണ്ടു കൊല്ലത്തിനുള്ളിൽ നാലേക്കറും നാലു കൊല്ലത്തിനുള്ളിൽ ഏഴായിരവും ഏക്കർ നിലം വിതയ്ക്കാനുള്ള വിത്ത് ഇതുകൊണ്ടുണ്ടാക്കാം. ഭക്ഷണക്ഷാമമുള്ള ഏത് പ്രദേശത്തിന്റെയും പ്രശ്നം ഇതിനാൽ പരിഹരിക്കപ്പെടും.

ഈ വചനം ഒരു ധിക്കാരിയുടെ വെല്ലുവിളിയായിരുന്നു. തന്റെ വിത്തിന് പേറ്റന്റു നേടി മഹാധനികനാകണമെന്ന മോഹം അദ്ദേഹത്തിനില്ലായിരുന്നു. പക്ഷെ കൃഷിവിദഗ്ദ്ധരുടെ സർട്ടിഫിക്കറ്റുകൾ നേടിയത് മൊൺസാന്തോവിന്റെയും മറ്റും പേറ്റന്റു വിത്തുകളാണല്ലൊ.

പ്രസംഗാനന്തരം അദ്ദേഹം 'ഹാപ്പിഹിൽ' എന്ന തന്റെ നെൽവിത്ത് സഭാവാസികൾക്കു നല്കി. ഓരോരുത്തർക്കും ഏതാനും മണി എനിക്കും കിട്ടി. അപ്പോൾ ഞാൻ 'ഒറ്റവൈക്കോ'ലിന്റെ ഒരു പ്രതി അദ്ദേഹത്തിനു കൊടുത്തു. 'ട്രാൻസ്ലേഷൻ ഓഫ് വൺസ്ട്രോ റെവലൂഷൻ' എന്നു പറഞ്ഞ് അദ്ദേഹം പുസ്തകം തിരിച്ചും മറിച്ചും വിടർത്തിയും നോക്കി. ഇഷ്ടപ്പെട്ടു. 'ദ സെക്കന്റ് ട്രാൻസ്ലേഷൻ' എന്നു പറഞ്ഞു. ആദ്യത്തേത് ഇംഗ്ലീഷിൽ. രണ്ടാമത്തേത് മലയാളത്തിൽ. ഇപ്പോൾ നാല്പതോളം വിവർത്തനങ്ങളുണ്ടെന്നു കേൾക്കുന്നു. പിന്നെയാണ് അത്ഭുതസംഭവം. അദ്ദേഹമെന്നെ മുറുകെ ആശ്ലേഷിച്ചു. കൂടെ പിടിച്ചിരുത്തി. ഫോട്ടോ എടുപ്പിച്ചു.

ജീവിതത്തിലെ അനർഘനിമിഷം.

*ചിറ്റേത്ത് വീട്, ചെങ്ങാലൂർ പി.ഒ.*
*പിൻ - 680 312., ഫോൺ : 0480 2754777*

